**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 541** **23-02-2022 - ൽ മറുപടിയ്ക്ക്**

**വ്യവസായ വകുപ്പിന് കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | വ്യവസായ വകുപ്പിന് കീഴിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ട് എന്ന് അറിയിക്കുമോ; | (എ) | ലഭ്യമായ കണക്കുകൾ പ്രകാരം വ്യവസായ വകുപ്പിന് കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ 21 എണ്ണം ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. |
| (ബി) | നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കുന്നതിനായി മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | ഉണ്ട്. വ്യവസായ വകുപ്പിന് കീഴിൽ ഏഴ് സെക്ടറുകളിലായി നഷ്ടത്തിൽ പ്രവർത്തിക്കുന്നത് ഉൾപ്പെടെയുള്ള വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ, അടുത്ത പത്ത് വർഷത്തെ പ്രവർത്തനം മുന്നിൽ കണ്ടുകൊണ്ട് ഉൽപ്പാദന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആധുനികവത്ക്കരണം, വിപുലീകരണം, വൈവിദ്ധ്യവത്ക്കരണം എന്നീ പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതികളാണ് മാസ്റ്റർ പ്ലാനിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുള്ളത്. ഹ്രസ്വകാലം, ഇടക്കാലം, ദീർഘകാലം എന്നിങ്ങനെ മൂന്ന് ഘട്ടങ്ങളായി തിരിച്ചാണ് പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നത്. മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കിയായിരിക്കും സ്ഥാപനങ്ങളുടെ വരും വർഷങ്ങളിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നത്. കമ്പനികൾ സമർപ്പിച്ച മാസ്റ്റർ പ്ലാനുകൾ പരിശോധിച്ച് വിശദമായ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനായും മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികളുടെ നടത്തിപ്പിനും അതിന്റെ പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ കമ്പനികൾക്ക് നൽകുന്നതിനും വിവിധ മേഖലകളിൽ വൈദഗ്ധ്യം ഉള്ള സാങ്കേതിക വിദഗ്ധരുടെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മാസ്റ്റർപ്ലാൻ പ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾ പൂർത്തിയാകുമ്പോൾ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുകയും അതിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ